**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2295** **06.10.2016-ലെ മറുപടിക്ക്**

**"സർക്കാർ ഭൂമി സർക്കാരിൽ തന്നെ നിക്ഷിപ്തമാക്കാൻ നടപടി"**

**ചോദ്യം**
**ശ്രീ. പി. കെ. ശശി**

**മറുപടി**

**ശ്രീ. ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്താകമാനം മുൻ എൽ.ഡി.എഫ് സർക്കാർ കാലയളവിൽ കണ്ടെത്തിയ മിച്ചഭൂമി എത്രയെന്നും, സർക്കാർ ഭൂമി, വനഭൂമി എന്നിവയിൽ കൈയ്യേറ്റം നടത്തിയതായി കണ്ടെത്തിയ ഭൂമി എത്രയെന്നും വ്യക്തമാക്കുമോ; | (എ) | ജില്ല തിരിച്ചുള്ള വിവരം അനുബന്ധം (എ) ആയി ചേർക്കുന്നു |
| (ബി) | ഇവയിൽ ഉൾപ്പെട്ട എത്ര മിച്ചഭൂമി, സർക്കാർ ഭൂമി, വനഭൂമി എന്നിവ കൈയ്യേറ്റക്കാരിൽ നിന്നും, മുൻ യു.ഡി.എഫ് സർക്കാർ കണ്ടെത്തിയെന്ന് വ്യക്തമാക്കുമോ; | (ബി) | ജില്ല തിരിച്ചുള്ള വിവരം അനുബന്ധം (ബി) ആയി ചേർക്കുന്നു. |
| (സി) | മുൻസർക്കാർ അധികാരമൊഴിയുമ്പോൾ മുൻ എൽ.ഡി.എഫ് സർക്കാർ കണ്ടെത്തിയ മിച്ചഭൂമിയിൽ എത്ര മിച്ചഭൂമി എത്ര പേർക്ക് വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ ; | (സി) | ജില്ല തിരിച്ചുള്ള വിവരം അനുബന്ധം (സി) ആയി ചേർക്കുന്നു. |
| (ഡി) | മുൻ എൽ.ഡി.എഫ് സർക്കാർ കണ്ടെത്തിയ മിച്ചഭൂമി, സർക്കാർ ഭൂമി, വനഭൂമി എന്നിവയിൽ കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ട ഭൂമി എത്ര; മുൻ സർക്കാർ കോടതി വ്യവഹാരങ്ങളിൽ ഫലപ്രദമായി ഇടപെടാത്ത തുമൂലം സർക്കാരിനു നഷ്ടപ്പെട്ട ഭൂമി എത്ര; ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ഡി) | വ്യവഹാരങ്ങളിൽ ഉൾപ്പെട്ട ഭൂമിയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം (ഡി) ആയി ചേർക്കുന്നു.<br>കോടതി വ്യവഹാരങ്ങളിൽ ഫലപ്രദമായി ഇടപെടാത്തതുമൂലം സർക്കാർ ഭൂമി നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | ഇത്തരത്തിൽ കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ട സർക്കാർ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ഇ) | കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ട കേസുകളിന്മേൽ യഥാസമയം സത്യവാങ്മൂലം നൽകികൊണ്ടും, ബന്ധപ്പെട്ട സർക്കാർ അഭിഭാഷകന് കേസ്സിലെ പ്രസക്തവിവരങ്ങൾ താമസംവിനാ നൽകികൊണ്ടും സർക്കാരിന് അനുകൂലമായി വിധി സമ്പാദിച്ചുകൊണ്ട് കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ട സർക്കാർ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം (എ)**

| ക്രമ നം. | ജില്ല | മുൻ എൽ.ഡി.എഫ് സർക്കാരിന്റെ കാലയളവിൽ കണ്ടെത്തിയ മിച്ചഭൂമിയുടെയും സർക്കാർ ഭൂമി, വനഭൂമി എന്നിവയിൽ നടന്ന കൈയ്യേറ്റങ്ങളുടെയും വിശദാംശങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | മിച്ചഭൂമി കണ്ടെത്തിയിട്ടില്ല. |
| 2 | കൊല്ലം | പുനലൂർ താലൂക്കിൽ 155.2974 ഹെക്ടർ മിച്ചഭൂമിയിൽ ഹാരിസൺ മലയാളം പ്ലാന്റേഷനും കൊല്ലം താലൂക്കിൽ മുളവന വില്ലേജിൽ 356/12 നമ്പരിൽപ്പെട്ടതും 10.10.88-ൽ ഏറ്റെടുത്ത് ഹൗസിംഗ് ബോർഡിന് കൈമാറിയതുമായ 60.60 ആർസ് മിച്ചഭൂമിയും കയ്യേറിയിരുന്നു. |
| 3 | പത്തനംതിട്ട | മിച്ചഭൂമി കണ്ടെത്തിയിട്ടില്ല. 06.56.02 ഹെക്ടർ സർക്കാർ ഭൂമിയിൽ കയ്യേറ്റം കണ്ടെത്തിയിരുന്നു. വനഭൂമി കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| 4 | ആലപ്പുഴ | മിച്ചഭൂമി കണ്ടെത്തിയിട്ടില്ല. ഈ ജില്ലയിൽ വനഭൂമി ഇല്ല. 12.7996 ഹെക്ടർ സർക്കാർ ഭൂമിയിൽ കയ്യേറ്റം നടത്തിയതായി കണ്ടെത്തിയിരുന്നു. |
| 5 | കോട്ടയം | 11.42.22 ഹെക്ടർ ഭൂമി കണ്ടെത്തിയിരുന്ന |
| 6 | ഇടുക്കി | മിച്ചഭൂമി കണ്ടെത്തിയിട്ടില്ല. കയ്യേറ്റം സംബന്ധിച്ച് വിവിധ കോടതികളിൽ തർക്കങ്ങൾ നിലനിൽക്കുന്നതിനാലും സർവ്വെ നടപടികൾ പൂർത്തീകരിയ്ക്കാത്തതിനാലും വനം വകുപ്പുമായി തർക്കം നിലനിൽക്കുന്നതിനാലും കയ്യേറ്റത്തിന്റെ കൃത്യമായ അളവ് ലഭ്യമല്ല. |
| 7 | എറണാകുളം | 39.6952 ഹെക്ടർ ഭൂമി കണ്ടെത്തിയിരുന്നു. 1.6215 ഹെക്ടർ സർക്കാർ ഭൂമിയിൽ കയ്യേറ്റം ഉള്ളതായി കണ്ടെത്തിയിരുന്നു. |
| 8 | തൃശ്ശൂർ | 24.6580 ഹെക്ടർ മിച്ചഭൂമി കണ്ടെത്തിയിരുന്നു. 4.1058 ഹെക്ടർ പുറമ്പോക്ക് ഭൂമിയിൽ കയ്യേറ്റം നടന്നിരുന്നു. വനഭൂമി കൈവശം ഉള്ള 5828 പേർ പട്ടയം ലഭിക്കുന്നതിന് തൃശ്ശൂർ താലൂക്ക് ആഫീസ് മുഖേന അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. |
| 9 | പാലക്കാട് | 1080.5225 ഹെക്ടർ മിച്ചഭൂമി കണ്ടെത്തിയിരുന്നു. 19.40 ഹെക്ടർ ഭൂമിയിൽ കയ്യേറ്റം കണ്ടെത്തിയിരുന്നു. |
| 10 | മലപ്പുറം | 11.7657 ഹെക്ടർ മിച്ചഭൂമി കണ്ടെത്തിയിരുന്നു. 4.9484 ഹെക്ടർ സർക്കാർ ഭൂമിയിൽ കയ്യേറ്റം കണ്ടെത്തിയിരുന്നു. വനഭൂമിയിൽ കയ്യേറ്റം കണ്ടെത്തിയിട്ടില്ല. |
| 11 | കോഴിക്കോട് | 1.1069 ഹെക്ടർ ഭൂമി ഏറ്റെടുത്തിരുന്നു. സർക്കാർ ഭൂമി, വനഭൂമി എന്നിവയിൽ കയ്യേറ്റമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| 12 | വയനാട് | ഏറ്റെടുക്കുവാൻ ഉത്തരവായ 36.9397 ഹെക്ടർ ഭൂമിയിൽ 0.1618 ഹെക്ടർ ഒഴികെയുള്ള ബാക്കി ഭൂമിയിന്മേൽ കോടതി സ്റ്റേ കാരണം ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടില്ല. |
| 13 | കണ്ണൂർ | 4884.50 ഹെക്ടർ മിച്ചഭൂമിയായി ഏറ്റെടുത്തിരുന്നു. 0.1177 ഹെക്ടർ സർക്കാർ ഭൂമി കയ്യേറ്റം നടത്തിയതായി കണ്ടെത്തിയിരുന്നു. |
| 14 | കാസർഗോഡ് | 1.2585 ഹെക്ടർ മിച്ചഭൂമി കണ്ടെത്തിയിരുന്നു. |

**അനുബന്ധം (ബി)**

| ക്രമ നം. | ജില്ല | മുൻ എൽ.ഡി.എഫ് സർക്കാർ കാലയളവിൽ കണ്ടെത്തിയ സർക്കാർ ഭൂമി, വനഭൂമി എന്നിവ കൈയ്യേറ്റക്കാരിൽ നിന്നും മുൻ യു.ഡി.എഫ് സർക്കാർ കണ്ടെത്തിയതിന്റെ വിശദാംശങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | ബാധകമല്ല. |
| 2 | കൊല്ലം | പുനലൂർ താലൂക്കിൽ 155.2974 ഹെക്ടർ മിച്ചഭൂമി കയ്യേറ്റക്കാരിൽ നിന്നും കണ്ടെത്തിയിരുന്നു എന്നാൽ ബഹു. ഹൈക്കോടതിയിൽ കേസുള്ളതിനാൽ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. |
| 3 | പത്തനംതിട്ട | 02.97.83 ഹെക്ടർ സർക്കാർ ഭൂമി കണ്ടെത്തിയിരുന്നു. |
| 4 | ആലപ്പുഴ | 2.2550 ഹെക്ടർ ഭൂമി ഒഴിപ്പിച്ച് സർക്കാർ അധീനതയിൽ എടുത്തിട്ടുള്ളതും, 15.6971 ഹെക്ടർ ഭൂമിയിൽ കയ്യേറ്റം നടത്തിയതായി കണ്ടെത്തിയിട്ടുമുണ്ട്. |
| 5 | കോട്ടയം | കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 6 | ഇടുക്കി | കയ്യേറ്റക്കാരിൽ നിന്നും കണ്ടെത്തിയ ഭൂമി സംബന്ധിച്ച് ക്രോഡീകരിച്ച വിവരം ലഭ്യമല്ല. |
| 7 | എറണാകുളം | 6.64 ആർ ഭൂമി ഏറ്റെടുത്തിരുന്നു. |
| 8 | തൃശ്ശൂർ | കണ്ടെത്തിയിട്ടില്ല. |
| 9 | പാലക്കാട് | 1.3473 ഹെക്ടർ മിച്ചഭൂമി, സർക്കാർ ഭൂമി 0.6189 ഹെക്ടർ. |
| 10 | മലപ്പുറം | ബാധകമല്ല |
| 11 | കോഴിക്കോട് | ബാധകമല്ല |
| 12 | വയനാട് | കയ്യേറ്റം കണ്ടെത്തിയിട്ടില്ല. |
| 13 | കണ്ണൂർ | ബാധകമല്ല |
| 14 | കാസർഗോഡ് | ബാധകമല്ല |

**അനുബന്ധം (സി)**

| ക്രമ നം. | ജില്ല | വിതരണം ചെയ്ത മിച്ചഭൂമിയുടെ വിശദാംശങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | ബാധകമല്ല |
| 2 | കൊല്ലം | 1.1533 ഹെക്ടർ മിച്ചഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലൂടെ മുൻസർക്കാർ ഭൂരഹിതരായവർക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| 3 | പത്തനംതിട്ട | മിച്ചഭൂമി വിതരണം ചെയ്തിട്ടില്ല. |
| 4 | ആലപ്പുഴ | 53.86 ആർസ് ഭൂമി 11 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| 5 | കോട്ടയം | 25 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| 6 | ഇടുക്കി | മിച്ചഭൂമി വിതരണം ചെയ്തിട്ടില്ല. |
| 7 | എറണാകുളം | കണ്ടെത്തിയ മിച്ചഭൂമി വെള്ളക്കെട്ടായും വാസ യോഗ്യമല്ലാത്തതായും കണ്ടതിനാൽ വിതരണം ചെയ്തിട്ടില്ല. |
| 8 | തൃശ്ശൂർ | 8.6305 ഹെക്ടർ 303 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| 9 | പാലക്കാട് | 588 പേർക്ക് മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട്. |
| 10 | മലപ്പുറം | മിച്ചഭൂമി വിതരണം ചെയ്തിട്ടില്ല. |
| 11 | കോഴിക്കോട് | 120 മിച്ചഭൂമി പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| 12 | വയനാട് | 0.1618 ഹെക്ടർ ഭൂമി 7 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| 13 | കണ്ണൂർ | 12.9340 ഹെക്ടർ മിച്ചഭൂമി 133 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| 14 | കാസർഗോഡ് | മിച്ചഭൂമി വിതരണം ചെയ്തിട്ടില്ല. |

**അനുബന്ധം (ഡി)**

| ക്രമ നം. | ജില്ല | മുൻ എൽ.ഡി.എഫ് സർക്കാർ കണ്ടെത്തിയ മിച്ചഭൂമി, സർക്കാർ ഭൂമി, വനഭൂമി എന്നിവയിൽ വ്യവഹാരങ്ങളിൽ ഉൾപ്പെട്ട ഭൂമിയുടെ വിശദാംശങ്ങൾ. |
|---|---|---|
| 1 | തിരുവനന്തപുരം | ബാധകമല്ല. |
| 2 | കൊല്ലം | പത്തനാപുരം താലൂക്കിൽ 1 ഹെക്ടർ ഭൂമിയ്ക്ക് ഹൈക്കോടതിയിൽ ഐ.എ.1716/14 നമ്പർ പ്രകാരം സ്റ്റേ ഉണ്ട്. കരുനാഗപ്പള്ളി താലൂക്കിലെ കല്ലേലി ഭാഗം വില്ലേജ് ബ്ലോക്ക് 14 റീ സർവ്വെ 350-ൽപ്പെട്ട 20.44 ആർസ് സ്ഥലം സർക്കാർ അധീനതയിൽ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കോടതി കേസുകൾ നിലനിൽക്കുന്നു. |
| 3 | പത്തനംതിട്ട | 00.71.14 ഹെക്ടർ ഭൂമി. |
| 4 | ആലപ്പുഴ | 14.3 ആർസ് സർക്കാർ ഭൂമി. |
| 5 | കോട്ടയം | 01.28.54 ഹെക്ടർ ഭൂമി. |
| 6 | ഇടുക്കി | മിച്ചഭൂമി, സർക്കാർ ഭൂമി, വനഭൂമി എന്നിവ സംബന്ധിച്ച് വിവിധ കോടതികളിൽ നിരവധി കേസ്സുകൾ നിലനിൽക്കുന്നതിനാൽ ടി വ്യവഹാരവുമായി ബന്ധപ്പെട്ട സർക്കാർ ഭൂമിയുടെ കൃത്യമായ അളവ് ലഭ്യമല്ല. പീരുമേട് താലൂക്കിലെ ഏലപ്പാറ വില്ലേജിൽ ഹോപ്പ് പ്ലാന്റേഷൻ വക 724.01 ഏക്കർ (293.00 ഹെക്ടർ) മിച്ചഭൂമി കോടതി വ്യവഹാരത്തിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. |
| 7 | എറണാകുളം | 9.34 ആർ ഭൂമി. |
| 8 | തൃശ്ശൂർ | കോടതി വ്യവഹാരങ്ങളില്ല. |
| 9 | പാലക്കാട് | 64.79.99 ഹെക്ടർ ഭൂമി. |
| 10 | മലപ്പുറം | കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ട ഭൂമി സംബന്ധിച്ച് കാലഘട്ടം തിരിച്ച കണക്ക് ലഭ്യമല്ല. |
| 11 | കോഴിക്കോട് | കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ട സർക്കാർ ഭൂമി, വനഭൂമി എന്നിവ നഷ്ടപ്പെട്ടിട്ടില്ല. |
| 12 | വയനാട് | കണ്ടെത്തിയ മിച്ചഭൂമി 36.9397 ഹെക്ടർ അതിൽ 0.1618 ഹെക്ടർ ഒഴികെയുള്ള ബാക്കി ഭൂമി കോടതി കേസുകളിൽ ഉൾപ്പെട്ടുകിടക്കുകയാണ്. 19 കേസ്സുകളിൽ ഹൈക്കോടതി സ്റ്റേ അനുവദിച്ചിട്ടുണ്ട്. |
| 13 | കണ്ണൂർ | 38.0506 ഹെക്ടർ ഭൂമി. |
| 14 | കാസർഗോഡ് | 1.1818 ഹെക്ടർ ഭൂമി കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്. സർക്കാരിന് ഭൂമി നഷ്ടപ്പെട്ടിട്ടില്ല. |